# കേരളസർവകലാശാല

നം.പി.ആർ.260/2020

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം 2020
### എസ്.സി./എസ്.ടി. തിരുവനന്തപുരം മേഖല സ്പോട്ട് അലോട്ട്മെന്റ് ഡിസംബർ 31 ന്

2020–21 ലെ ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ സർവകലാശാല സെനറ്റ് ഹാളിൽ ഡിസംബർ 31 ന് ഹാജരാകേണ്ടതാണ്.

എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിനായി ഓപ്ഷൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം സെനറ്റ് ഹാളിൽ രാവിലെ 10 മണിക്ക് തന്നെ നേരിട്ട് എത്തണം. ഡിസംബർ 29 നകം പുതിയതായി ഓപ്ഷൻ സമർപ്പിക്കാത്ത ആരെയും യാതൊരു കാരണവശാലും സ്പോട്ട് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ടു ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുന്നതല്ല. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക. (http://admissions.keralauniversity.ac.in)

**(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)**

### വിദൂരവിദ്യാഭ്യാസം മൂന്ന്, നാല് സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം. പരീക്ഷ മാറ്റി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം 2021 ജനുവരി 4 മുതൽ നടത്താനിരുന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം. (എസ്.ഡി.ഇ. – 2018 അഡ്മിഷൻ റെഗുലർ ആന്റ് 2017 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിരിക്കുന്നതാണ്.

## ടൈംടേബിൾ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം 2021 ജനുവരി 4 ന് ആരംഭിക്കാനിരുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ. (വിദൂരവിദ്യാഭ്യാസം – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷ ജനുവരി 5 മുതൽ പുനഃക്രമീകരിച്ചിരിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2021 ജനുവരിയിൽ ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ. മേഴ്സിചാൻസ് ആന്റ് സപ്ലിമെന്ററി (2014 സ്കീം) ന്റേയും സപ്ലിമെന്ററി (2018 സ്കീം) പരീക്ഷകളുടേയും ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2021 ജനുവരി 29 മുതൽ ആരംഭിക്കുന്ന ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷകൾക്ക് പിഴകൂടാതെ ജനുവരി 8 വരെയും 150 രൂപ പിഴയോടെ ജനുവരി 13 വരെയും 400 രൂപ പിഴയോടെ ജനുവരി 15 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2020 ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുളള അപേക്ഷകൾ 2021 ജനുവരി 7 ന് മുൻപായി സർവകലാശാല ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

## സി.എ.സി.ഇ.ഇ – വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സ്, യോഗ്യത: പ്ലസ്ടു/പ്രീ–ഡിഗ്രി, കാലാവധി: 6 മാസം, ക്ലാസുകൾ: ശനി, ഞായർ ദിവസങ്ങളിൽ, ഫീസ്:7,500/– രൂപ.

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന ഡിപ്ലോമ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ.) കോഴ്സ്, യോഗ്യത: പ്ലസ്ടു/പ്രീ–ഡിഗ്രി, കാലാവധി: 6 മാസം, ക്ലാസുകൾ: കാര്യവട്ടം ക്യാമ്പസിൽ നടത്തും, ഫീസ്:7,000/– രൂപ (പരീക്ഷാഫീസ് ഉൾപ്പെടെ).

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ യോഗാ തെറാപ്പി (ഈവനിംഗ്) കോഴ്സ്, യോഗ്യത: കേരളസർവകലാശാല അംഗീകൃത ബിരുദം, കാലാവധി: ഒരു വർഷം, ക്ലാസുകൾ: വൈകുന്നേരം 5 മണി മുതൽ 7 മണി വരെ, ഫീസ്:19,500/– രൂപ.

www.keralauniversity.ac.in ൽ നിന്നും 28 –ാം നമ്പർ അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് SBI ബാങ്കിൽ A/C.No.57002299878 ൽ 100 രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം ഡയറക്ടർ, സി.എ.സി.ഇ.ഇ, കേരള സർവകലാശാല പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ അയയ്ക്കുക. അപേക്ഷ തപാലിൽ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഉയർന്ന പ്രായപരിധി ഇല്ല. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2021 ജനുവരി 8.

## സി.എ.സി.ഇ.ഇ – സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ (ഈവനിംഗ്) കോഴ്സ്

**തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ (ഈവനിംഗ്) കോഴ്സ്, യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി, കാലാവധി: 3 മാസം, ക്ലാസുകൾ: തിങ്കൾ മുതൽ വെളളി വരെ വൈകുന്നേരം 5 മണി മുതൽ 7 മണി വരെ, ഫീസ്: 6,000/- രൂപ.**

**www.keralauniversity.ac.in ൽ നിന്നും 23 -ാം നമ്പർ അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് SBI ബാങ്കിൽ A/C.No.57002299878 ൽ 100 രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം ഡയറക്ടർ, സി.എ.സി.ഇ.ഇ, കേരള സർവകലാശാല പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ അയയ്ക്കുക. അപേക്ഷ തപാലിൽ മാത്രമേ സ്വീകരിക്കുകയുളളൂ. ഉയർന്ന പ്രായപരിധി ഇല്ല. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2021 ജനുവരി 8.**

## സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ പഠനവകുപ്പുകളിൽ 2020-21 വർഷം പുതുതായി ആരംഭിക്കുന്ന എം.എസ്.സി. ഫിസിക്സ് - സ്പെഷ്യലൈസേഷൻ ഇൻ സ്പെയ്സ് ഫിസിക്സ് കോഴ്സിന് എസ്.ടി. സീറ്റും എം.എ. പൊളിറ്റിക്സ്, ഇന്റർനാഷണൽ റിലേഷൻസ് ആന്റ് ഡിപ്ലോമസി, എം.എസ്.സി. കെമിസ്ട്രി (സ്പെഷ്യലൈസേഷൻ ഇൻ റിന്യൂവബിൾ എനർജി) എന്നീ കോഴ്സുകൾക്ക് എസ്.സി., എസ്.ടി. സീറ്റും ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ഡിസംബർ 31 ന് രാവിലെ 10 മണിക്ക് വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാല സ്റ്റഡി ആന്റ് റിസർച്ച് സെന്റർ, ആലപ്പുഴയിൽ എം.കോം. റൂറൽ മാനേജ്മെന്റ് കോഴ്സ് 2020 അഡ്മിഷന് എസ്.സി., എസ്.ടി. സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ഡിസംബർ 31 ന് രാവിലെ 10.30 ന് സെന്ററിൽ നേരിട്ട് ഹാജരാകണം. വിശദവിവരങ്ങൾക്ക്:0477-2266245

കേരളസർവകലാശാലയിലെ കമ്പ്യൂട്ടർ സയൻസ് പഠനവിഭാഗത്തിൽ എ.ഐ.സി.ടി.ഇ. അംഗീകാരമുളള എം.ടെക്. കമ്പ്യൂട്ടർ സയൻസിൽ (ഡിജിറ്റൽ ഇമേജ് പ്രോസസിംഗ് സ്പെഷ്യലൈസേഷൻ) കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ബി.പി.എൽ., എസ്.സി., എസ്.ടി., സ്പോൺസേർഡ് എന്നീ വിഭാഗങ്ങളിലാണ് സീറ്റ് ഒഴിവുളളത്. താൽപര്യമുളളവർ ഡിസംബർ 31 ന് രാവിലെ 11 മണിക്ക് കാര്യവട്ടം ക്യാമ്പസിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ നടത്തുന്ന സ്പോട്ട് അഡ്മിഷനിൽ അസൽ സർട്ടിഫിക്കറ്റുകളുമായി എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 8137806393

കേരളസർവകലാശാലയിലെ കമ്പ്യൂട്ടർ സയൻസ് പഠനവിഭാഗത്തിൽ എം.എസ്.സി. കമ്പ്യൂട്ടർ സയൻസിൽ എസ്.സി. വിഭാഗത്തിൽ ഒരു സീറ്റും എം.എസ്.സി. കമ്പ്യൂട്ടർ സയൻസിൽ (സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) എസ്.സി./എസ്.ടി. വിഭാഗത്തിൽ രണ്ട് സീറ്റും ഒഴിവുണ്ട്. താൽപര്യമുളളവർ ഡിസംബർ 31 ന് രാവിലെ 11 മണിക്ക് കാര്യവട്ടം ക്യാമ്പസിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ നടത്തുന്ന സ്പോട്ട് അഡ്മിഷനിൽ അസൽ സർട്ടിഫിക്കറ്റുകളുമായി എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 8137806393

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക്. കോഴ്സുകളിലെ (ഇ.സി., സി.എസ്., ഐ.ടി.) ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷനും കൂടാതെ എൻ.ആർ.ഐ. സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷനും കൂടാതെ എൻ. ആർ.ഐ. സീറ്റുകളിലേക്കുള്ള അഡ്മിഷൻ ഡിസംബർ 31 വരെ കോളേജ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് www.ucek.in/9037119776, 9846332974

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**30.12.2020**

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**